## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്തചോദ്യം നമ്പർ: 2528 09.12.2014-ൽ മറുപടിയ്ക്ക്

### ആദിവാസി ആരോഗ്യബോധവൽക്കരണ പ്രൊമോട്ടർമാർ

**ചോദ്യം**
ശ്രീ.ഐ.സി.ബാലകൃഷ്ണൻ
ശ്രീ.വി.പി.സജീന്ദ്രൻ
ശ്രീ.പി.സി.വിഷ്ണുനാഥ്
ശ്രീ.ലൂഡി ലൂയിസ്

**മറുപടി**
കുമാരി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | ആദിവാസികൾക്കിടയിൽ ആരോഗ്യ ബോധവൽക്കരണം നടത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ; | എ) | ആദിവാസികൾക്കിടയിൽ ആരോഗ്യ ബോധവൽക്കരണം നടത്തുന്നതിനായി സാമൂഹ്യ ഐക്യദാർഢ്യപക്ഷാചരണത്തോടനുബന്ധിച്ച് ആരോഗ്യ വകുപ്പുമായി ചേർന്ന് ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള മൊബൈൽ മെഡിക്കൽ യൂണിറ്റിലെ ഡോക്ടർമാരുടെ നേതൃത്വത്തിൽ പ്രത്യേക ആരോഗ്യ ബോധവൽക്കരണ പരിപാടികൾ പട്ടികവർഗ്ഗ സങ്കേതങ്ങൾ കേന്ദ്രീകരിച്ച് സംഘടിപ്പിക്കുന്നുണ്ട്. മഴക്കാലപൂർവ്വ രോഗങ്ങൾ മുന്നിൽ കണ്ട് ആരോഗ്യ ബോധവൽക്കരണ പരിപാടികൾ വിവിധ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ നടത്തി വരുന്നുണ്ട്. കിർത്താഡ്സ് മുഖാന്തിരം ആരോഗ്യ അവബോധന പരിപാടിയും ആരോഗ്യ ക്യാമ്പും സംഘടിപ്പിച്ചുവരുന്നു. കൂടാതെ പട്ടികവർഗ്ഗ |

| | | | |
|---|---|---|---|
| | | | വികസന വകുപ്പും ആരോഗ്യ വകുപ്പുമായി ചേർന്ന് 18 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ സ്റ്റുഡന്റ് ഹെൽത്ത് പ്രൊമോട്ടർ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ഇവർ പട്ടികവർഗ്ഗ കോളനികളിൽ ആരോഗ്യ ബോധവൽക്കരണം നടത്തിവരുന്നു. |
| ബി) | ആരോഗ്യ ബോധവൽക്കരണത്തിനായി പ്രൊമോട്ടർമാരെ നിയമിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; | ബി) | ഇല്ല. നിലവിൽ ആരോഗ്യ ബോധവൽക്കരണ പരിപാടികളിൽ പ്രൊമോട്ടർമാരുടെ സേവനം പ്രയോജനപ്പെടുത്തുന്നുണ്ട്. |
| സി) | പ്രൊമോട്ടർമാർക്ക് എന്തെല്ലാം പരിശീലനങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കുമോ; | സി) | 2014 വർഷം പുതിയതായി തെരഞ്ഞെടുക്കപ്പെട്ട എസ്.റ്റി പ്രൊമോട്ടർമാർക്ക് വിവിധ ജില്ലകളിൽ 23 സ്ഥലങ്ങളിലായി പരിശീലന പരിപാടികൾ സംഘടിപ്പിച്ച് ആരോഗ്യമേഖല ഉൾപ്പെടെയുള്ള വിഷയങ്ങളിൽ പരിശീലനം നൽകിയിട്ടുണ്ട്. |
| ഡി) | പ്രസ്തുത പ്രൊമോട്ടർമാരെ തെരഞ്ഞെടുക്കുന്ന രീതി വിശദമാക്കാമോ? | ഡി) | സംസ്ഥാനത്ത് പ്രചാരത്തിലുള്ള മാധ്യമങ്ങളിൽ പരസ്യം നൽകി ആയതിന്റെ അടിസ്ഥാനത്തിൽ ലഭിക്കുന്ന അപേക്ഷകളിൽ നിന്നും നിർദ്ദിഷ്ട യോഗ്യതയുള്ളവരെ ഓരോ ജില്ലകളിലും പ്രത്യേകമായി ഇന്റർവ്യൂ നടത്തുകയും അതിൽ നിന്നും യോഗ്യതയുടെയും മാനദണ്ഡത്തിന്റെയും അടിസ്ഥാനത്തിൽ റാങ്ക് ലിസ്റ്റ് തയ്യാറാക്കി മുൻഗണനാ ക്രമത്തിലാണ് പ്രൊമോട്ടർമാരെ നിയമിക്കുന്നത്. |

(signature)

സെക്ഷൻ ഓഫീസർ